FIN-B1-22711/17

22711



# വകുപ്പുതല കണക്ക് പരിശോധനാ റിപ്പോർട്ട്

## ജില്ലാ പട്ടികജാതി വികസന ഓഫീസ്, ആലപ്പുഴ.

| | | |
|---|---|---|
| പരിശോധനാതീയതി | : | 15.05.2018 മുതൽ 18.05.2018 വരെ |
| പരിശോധനാകാലയളവ് | : | 01.04.2017 മുതൽ 31.03.2018 വരെ |
| പരിശോധനാവിഭാഗം | : | ഫിനാൻസ്.സി ആഡിറ്റ് സെക്ഷൻ |
| പരിശോധനാടീം അംഗങ്ങൾ | : | 1. ഹരികൃഷ്ണൻ സി.ജി (ജൂനിയർ സൂപ്രണ്ട്)<br>2. ഗോപകുമാർ ബി.കെ (സീനിയർ ക്ളാർക്ക്) |

<u>പരിശോധനാകാലയളവിൽ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ:</u>

**ജില്ലാ പട്ടികജാതി വികസന ആഫീസർ**

ശ്രീമതി ശാന്താമണി കെ.കെ. - 01/04/17 മുതൽ തുടരുന്നു.

**അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ആഫീസർമാർ**

1. ശ്രീ എൻ. സുരേന്ദ്രൻ നായർ - 01.04.2017 മുതൽ 31.05.17 വരെ
2. ശ്രീ. വി. രാജേഷ് - 01.06.17 മുതൽ 19.09.17 വരെ
   *(ജെ.എസ്. ഇൻ ചാർജ്)*
3. ശ്രീ. എസ്. കൃഷ്ണകുമാർ - 20.09.17 മുതൽ 23.01.18 വരെ
4. ശ്രീമതി സബിത പി. - 23.01.18 മുതൽ 18.02.18 വരെ
5. ശ്രീമതി ഉഷാദേവി പി. - 19.02.18 മുതൽ തുടരുന്നു.

SG 909 30.11.18 By Pendrive.

**ആമുഖം:-**

1957 ഓഗസ്റ്റ് 17 ന് രൂപീകൃതമായ കേരളത്തിലെ ഒരു തീരദേശ ജില്ലയാണ് ആലപ്പുഴ. കായലുകളാലും നദികളാലും, തോടുകളാലും ചുറ്റിപ്പിണഞ്ഞു കിടക്കുന്ന മണൽ പ്രദേശമാണ് ആലപ്പുഴ. വടക്ക് എറണാകുളം ജില്ലയും, കിഴക്ക് കോട്ടയം ജില്ല തെക്ക് കൊല്ലം ജില്ല പടിഞ്ഞാറ് അറബിക്കടലും ജില്ലയുടെ അതിർത്തി പങ്കിടുന്നു. 1415 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ജില്ലയിൽ 2011 ലെ കാനേഷുമാരി പ്രകാരം ആകെ ജനസംഖ്യ 2127789 ആണ്. പട്ടിക ജാതി വിഭാഗത്തിലെ 201211 പേരിൽ 97183 പേർ പുരുഷൻമാരും, 104028 പേർ വനിതകളുമാണ്.

പട്ടിക വിഭാഗത്തിൽപെട്ട പുലയ, വേലൻ, മണ്ണാൻ, പരവൻ എന്നീ വിഭാഗക്കാരാണ് ഈ ജില്ലയിൽ കൂടുതലായി കണ്ടു വരുന്നത്. ദുർബല വിഭാഗത്തിൽപ്പെട്ടവർ നാമ മാത്രമേയുള്ളൂ. 12 ബ്ളോക്കും, 6 മുനിസിപ്പാലിറ്റിയും നിലവിലുണ്ടെങ്കിലും പട്ടിക വിഭാഗ ത്തിന്റെ ക്ഷേമത്തിനായി ജില്ലയിലെ 12 ബ്ളോക്കുകളിൽ മാത്രമാണ് പട്ടികജാതി വികസന ഓഫീസർമാർ നിലവിലുള്ളത്. മുനിസിപ്പാലിറ്റിയുടെ ചുമതല തൊട്ടടുത്തുള്ള പട്ടികജാതി വികസന ഓഫീസർമാർക്ക് ചാർജ്ജ് നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസിലെ 01/04/17 മുതൽ 31/03/18 വരെയുള്ള പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## പാർട്ട് – I

### A. വകുപ്പ് തല പരിശോധനാ റിപ്പോർട്ട്:-

ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസിലെ 01/05/15 മുതൽ 31/03/17 വരെയുള്ള പരിശോധന ഡയറക്ടറേറ്റിലെ ഫിൻ ഇ. വിഭാഗം നടത്തിയതിന്റെ റിപ്പോർട്ട് ഫിൻ ബി1/2356/18 തീയതി 03/02/18 പ്രകാരം ലഭിച്ചിട്ടുണ്ട്. മറുപടി/ന്യൂനത പരിഹരണ റിപ്പോർട്ട് തയ്യാറാക്കി വരുന്നതായി ഫയലിൽ നിന്നും മനസ്സിലാവുന്നു. എത്രയും വേഗം ആയത് തയ്യാറാക്കി അയച്ചുകൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### B. എ.ജി.യുടെ പരിശോധനാ റിപ്പോർട്ട്:-

ഈ ഓഫീസിലെയും ചമ്പക്കുളം, ആര്യാട്, കഞ്ഞിക്കുഴി, അമ്പലപ്പുഴ എന്നീ പട്ടികജാതി വികസന ഓഫീസുകളിലെയും 01/04/16 മുതൽ 31/03/17 വരെയുള്ള കണക്കുകളുടെ പൊതുവായ പരിശോധനാ റിപ്പോർട്ട് എ.ജി.യുടെ 16/10/17ലെ OA/HQ IV/II/12-35/17-18/717 നംപർ കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു. ആയതിന് ഈ ഓഫീസിലെ 17/01/18ലെ എ6/20875/17 നമ്പർ കത്ത് പ്രകാരം മറുപടിയും നൽകിയതായി കാണുന്നു. ടി മറുപടിയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടിലെ 11,14,15,16,17,20,21,22 എന്നീ ഖണ്ഡികകൾ തീർപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഖണ്ഡികകൾക്കു കൂടി വ്യക്തമായ വിശദീകരണം നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എ.ജിയുടെ മുൻ പരിശോധനാ റിപ്പോർട്ടുകളിലെ മറുപടി നൽകി തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇനിയും കാലതാമസം വരുത്താതെ വ്യക്തമായ മറുപടി അയച്ചുകൊടുത്ത് അവ തീർപ്പാക്കേണ്ടതാണ്.

| ക്രമ നമ്പർ | പരിശോധനാ റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1 | OA/HQ II /IV/12-551/07-08 | Part IIA-I |
| 2 | OA/HQ II /IV/12-968/08-09 | Part IIB-I,II |
| 3 | OA/HQ II /IV/12-238/10-11 | Part IIB-II |
| 4 | OA/HQ II /IV/12-119/14-15 | Part IIA-I |
| 5 | OA/HQ II /IV/12-102/15-16 | Part IIA-I, part IIB-I to X |
| 6 | OA/HQ II /IV/12-114/16-17 | Part IIB-I to X |

**പാർട്ട് - II**

ആലപ്പുഴ ജില്ലാപട്ടികജാതി വിസന ഓഫീസിലെ 01/04/17 മുതൽ 31/03/18 വരെയുള്ള കണക്കുകളുടെയും പദ്ധതി പ്രവർത്തനങ്ങളുടെയും പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**ക്യാഷ്ബുക്കും അനുബന്ധ രേഖകളും:-**

**ബിൽ ബുക്കും ക്യാഷ് ബുക്കും:-**

(a) 2017-18ലെ ബിൽ ബുക്ക് പേജുകളിൽ ഓഫീസറുടെ ഡെസിഗ്നേഷൻ/ഓഫീസിന്റെ പേര്, ട്രഷറിയുടെ പേര് എന്നിവ രേഖപ്പെടുത്തിയതായി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(b) 2017-18 വർഷത്തെ ബിൽ ബുക്ക് വാല്യം ഒന്നിൽ രേഖപ്പെടുത്തിയിട്ടുള്ള ക്രമനമ്പരിന്റെ തുടർച്ചയായിട്ടു വേണം ബിൽ ബുക്ക് വാല്യം രണ്ടിലെ ക്രമനമ്പർ രേഖപ്പെടുത്തേണ്ടത്. എന്നാൽ ബിൽ ബുക്ക് വാല്യം രണ്ടിൽ ക്രമനമ്പർ 1 മുതൽ ആരംഭിച്ചിരിക്കുന്നു. ന്യൂനത പരിഹരിക്കേണ്ടതാണ്.

(c) 01/04/17 മുതൽ 07/04/18 വരെയുള്ള ക്യാഷ് ബുക്കിലെ പേജ് 63 റദ്ദ് ചെയ്തത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(d) പരിശോധനാ തീയതിയായ 15/05/18ന് നീക്കിയിരിപ്പു തുക ഇല്ല.

**സ്പെഷ്യൽ TSB അക്കൗണ്ട് നം. 50 (അട്രോസിറ്റി ധനസഹായം)**

പരിശോധനാ സമയത്ത് ഈ അക്കൗണ്ടിൽ 13966/- രൂപ രജിസ്റ്റർ പ്രകാരം ബാലൻസ് കാണുന്നു. എന്നാൽ സൂര്യ D/o സുരേന്ദ്രൻ എന്നയാൾക്ക് അനുവദിച്ച് 25000/- രൂപയുടെ ചെക്ക് റദ്ദ് ചെയ്തിട്ടുള്ളതായി കാണുന്നു. ആയതിനാൽ ടി തുക കൂടി ഈ അക്കൗണ്ടിൽ ബാലൻസ് വരും. എന്നാൽ ആയത് രജിസ്റ്ററിൽ up date ചെയ്തിട്ടില്ല. (ചെക്ക് SB/XY No. 0843728 dtd. 30/11/2016 Rs.25000/-) ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

**സ്പെഷ്യൽ TSB അക്കൗണ്ട് നം.126**

(a) ചെക്ക് നമ്പർ SB/JC No. 2044907, 2044908, 2044909, 2044916, 2044917, 2044918, 2044919, 2044920 എന്നിവയുടെ കൗണ്ടർ ഫോയിലിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. ( Balance/BF, Amount deposited, Total, Less amount of this cheque, Balance തുടങ്ങിയവ )ന്യൂനത പരിഹരിക്കേണ്ടതാണ്.

(b) 14/05/18ന് ഈ അക്കൗണ്ടിൽ ബാലൻസ് തുക ഇല്ല.

(c) ബന്ധപ്പെട്ട ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2017-18ലെ സംക്ഷിപ്തം രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകൾ ഓരോന്നും ജില്ലാ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**TR-5 രസീത് ബുക്ക്**

Centralized numbering system പ്രകാരമുള്ള TR-5 രസീത് ബുക്ക് നം. 208 നിലവിൽ ഉപയോഗിച്ചു വരുന്നു.(രസീത് നം. AY 0020701 to 0020800) ഈ ബുക്കിലെ രസീത് നം. 20701 മുതൽ 20706 വരെ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പരിശോധനാ കാലയളവിൽ TR-5 രസീതുകൾ ഉപയോഗിച്ചിട്ടില്ല. Centralized numbering system പ്രകാരമുള്ളതും ഉപയോഗിക്കാത്തതുമായ ഒരു TR-5 രസീതു ബുക്കു കൂടി ഓഫീസിൽ ഉണ്ട്. (ബുക്ക് നം. 6027) എന്നാൽ TR-5 രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദീകരണം നൽകേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്ത പക്ഷം ആയത് പരിപാലിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**സി.ആർ.ഡി.ആർ**

പരിപാലിച്ചു കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

**ചെലാൻ ഫയൽ:-**

ചെലാൻ രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. എന്നാൽ പരിശോധനാ കാലയളവിൽ തുക ട്രഷറിയിൽ ഒടുക്കിയതിന്റെ ചെലാനുകൾ ഒന്നും ഇല്ല. ഈ രജിസ്റ്ററിൽ പേജ് നമ്പരിട്ട് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

**അക്വിറ്റൻസ്(ഫുൾടൈം സ്റ്റാഫ്):-**

(a) 12/16 മുതലുള്ള അക്വിറ്റൻസ് രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വളരെ അലക്ഷ്യമായിട്ടാണ് ഈ രജിസ്റ്റർ കൈകാര്യം ചെയ്തിട്ടുള്ളത്. ബിൽ നമ്പർ, തുക പാസ്സാക്കിയ തീയതി, തുക എന്നിവ പലപ്പോഴും രേഖപ്പെടുത്തിക്കാണുന്നില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ്/സ്പാർക്കിൽ നിന്നുള്ള ക്രെഡിറ്റ് സ്ലിപ്പ് ഓഫീസർ സാക്ഷ്യപ്പെടുത്തി വച്ചിട്ടില്ല. പല പേജുകളിലും ബിൽ തുകകൾ ബാങ്ക് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്തതിന്റെ

സ്ലിപ്പ്/ബാങ്ക് സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

| ബിൽ നമ്പർ | ബിൽ തുക | തുക മാറിയ തീയതി |
|---|---|---|
| 292/17-18 | Rs.5119/- | 21/07/2017 |
| 224/17-18 | Rs.25960/- | 21/07/2017 |
| 316/17-18 | Rs.632141/- | 14/08/2017 |
| 309/17-18 | Rs.20258/- | 16/08/2017 |
| 436/17-18 | Rs.218760/- | 22/08/2017 |
| 450/17-18 | Rs.5500/- | 29/08/2017 |
| 453/17-18 | Rs.1,80,000/- | 29/08/2017 |
| 689/17-18 | Rs.37061/- | 23/10/2017 |
| 764/17-18 | Rs.78800/- | 31/10/2017 |
| 776/17-18 | Rs.391201/- | 02/11/2017 |

(b) അക്വിറ്റൻസ് രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുള്ള പല ബാങ്ക് സ്റ്റേറ്റ്മെന്റുകളിലും ബിൽ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല. ഇത്തരം ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

<u>അക്വിറ്റൻസ്(പാർട്ട് ടൈം സ്റ്റാഫ്):-</u>

(a) 06/04/15 മുതലുള്ള രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(b) 04/04/17 മുതൽ 02/03/18 വരെയുള്ള കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ അക്വിറ്റൻസിൽ ഒട്ടിച്ചിട്ടുള്ളത് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(c) 01/02/18ലെയും 02/03/18ലെയും ബാങ്ക് സ്റ്റേറ്റ്മെന്റുകളിൽ ബിൽ വിവരങ്ങൾ ലഭ്യമല്ല. വളരെ അശ്രദ്ധയോടെയാണ് രജിസ്റ്റർ കൈകാര്യം ചെയ്തിട്ടുള്ളത്. ന്യൂനത പരിഹരിക്കേണ്ടതാണ്.

<u>അക്വിറ്റൻസ് (അപ്രന്റീസ് ക്ലാർക്ക്):-</u>

(a) ഈ അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പേജ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(b) 106, 107 പേജുകളിൽ ഒട്ടിച്ചിട്ടുള്ള ബാങ്ക് സ്റ്റേറ്റ്മെന്റുകളിൽ ബിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(c) ചുവടെ ചേർക്കുന്ന ബിൽ തുകകളുടെ ക്രെഡിറ്റ് സ്ലിപ്പ്/ബാങ്ക് സ്റ്റേറ്റ്മെന്റ് അക്വിറ്റൻസ് രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

| ബിൽ നമ്പർ | ബിൽ തുക | തുക മാറിയ തീയതി |
|---|---|---|
| 366/17-18 | Rs.28388/- | 14/08/2017 |
| 418/17-18 | Rs.8520/- | 19/08/2017 |
| 547/17-18 | Rs.87510/- | 02/09/2017 |
| 802/17-18 | Rs.14903/- | 06/11/2017 |
| 803/17-18 | Rs.37616/- | 06/11/2017 |
| 950/17-18 | Rs.42780/- | 19/12/2017 |
| 951/17-18 | Rs.16500/- | 19/12/2017 |

(d) പല പേജുകളിലും ബിൽ വിവരങ്ങളോ സാക്ഷ്യപ്പെടുത്തലോ ഉള്ളതായി കാണുന്നില്ല. വളരെ ലാഘവത്തോടെയാണ് രജിസ്റ്റർ കൈകാര്യം ചെയ്തിരിക്കുന്നത്.

<u>കണ്ടിജന്റ്, ബിൽ പകർപ്പുകൾ/വൗച്ചറുകൾ/രസീതുകൾ/ബാങ്ക് സ്റ്റേറ്റ്മെന്റ്</u>

ബിൽ പകർപ്പുകളോടൊന്നിച്ചാണ് വൗച്ചറുകളും രസീതുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും വച്ചിട്ടുള്ളത്. ക്യാഷ്ബുക്കിൽ ചെലവ് കാണിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന തുകകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് അല്ലെങ്കിൽ ക്രെഡിറ്റ് സ്ലിപ്പ് സൂക്ഷിച്ചിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അവയുടെ പകർപ്പ് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതും ബിൽ പകർപ്പുകളോടൊന്നിച്ച് സൂക്ഷിക്കേണ്ടതുമാണ്.

| തീയതി | തുക |
|---|---|
| 16/08/17 | Rs.20258/- |
| 29/08/17 | Rs.5500/- |
| 29/08/17 | Rs.180000/- |
| 23/10/17 | Rs.37061/- |
| 31/10/17 | Rs.78800/- |
| 02/11/17 | Rs.391201/- |
| 13/12/17 | Rs.380050/- |

## പാർട്ട് – III

### വിവിധ പദ്ധതികൾ സംബന്ധിച്ച്

1. **ഭവന നിർമ്മാണ ധനസഹായം**

2007-08 മുതൽ 2017-18 വരെയുള്ള ഭവന നിർമ്മാണത്തിന്റെ ധനസഹായ പദ്ധതിയുടെ പുരോഗതിയും ഇനിയും പൂർത്തിയാക്കാനുള്ള വീടുകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| വർഷം. | ഭൗതിക ലക്ഷ്യം | ഇനി പൂർത്തിയാക്കാനുള്ള വീടുകളുടെ എണ്ണം | പൂർത്തിയാക്കാനുള്ള വീടുകളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|
| | | | I | II | III |
| 2007–08 | – | 54 | 15 | 25 | 14 |
| 2008–09 | – | 97 | 18 | 42 | 37 |
| 2009–10 | – | 69 | 11 | 29 | 29 |
| 2010–11 | 196 | 34 | 9 | 19 | 6 |
| 2011–12 | 150 | 16 | 0 | 3 | 13 |
| 2012–13 | 320 | 58 | 9 | 33 | 16 |
| 2013–14 | 240 | 90 | 0 | 57 | 33 |
| 2014–15 | 259 | 56 | 3 | 28 | 25 |
| 2015–16 | 371 | 36 | 0 | 5 | 31 |
| 2016–17 | 1014 | 508 | 0 | 258 | 250 |
| 2016–17 | 575 | 898 | 562 | 245 | 91 |
| ആകെ | 3125 | 1916 | 627 | 744 | 545 |

ജില്ലയിൽ ഇനിയും പൂർത്തിയാക്കാത്ത വീടുകളുടെ എണ്ണം വളരെ കൂടുതലാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അവശേഷിക്കുന്ന വീടുകൾ പൂർത്തിയാക്കുന്നതിലേയ്ക്ക് ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചുചേർക്കുന്നതിന് എസ്.സി.ഡി.ഒ മാർക്ക് നിർദ്ദേശം നല്കേണ്ടതും, സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതുമാണ്.

ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ചു നൽകുന്ന വിവരം ബ്ളോക്ക് തിരിച്ച് ഒരു രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വർഷം തിരിച്ച് അക്കൗണ്ടന്റ് ജനറലിനു അയച്ച വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. <u>ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി.</u>

2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ ഒരു സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിക്കപ്പെട്ടവരുടെ എണ്ണം | I–ാം ഗഡു അനുവദിച്ചത് | II–ാം ഗഡു അനുവദിച്ചത് | ഇനിയും പൂർത്തിയാക്കാത്തവരുവടെ എണ്ണം |
|---|---|---|---|---|
| 2013–14 | 400 | 400 | 386 | 14 |
| 2014–15 | 400 | 400 | 377 | 23 |
| 2015–16 | 402 | 402 | 368 | 34 |
| 2016–17 | 483 | 483 | 440 | 43 |
| | | | ആകെ | 114 |

2017-18 ന് ടാർഗറ്റ് ലഭിച്ചിട്ടില്ല. ശേഷിക്കുന്ന 144 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വർഷം തിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. **ഭൂരഹിത പുനരധിവാസ പദ്ധതി**

ഭൂരഹിത പുനരധിവാസ പദ്ധതിക്കായി ജില്ലയിൽ 2017-18 വർഷത്തിൽ ബ്ളോക്ക് മുനിസിപ്പാലിറ്റി തിരിച്ചുള്ള ചെലവും ഭൗതിക പുരോഗതിയും ചുവടെ ചേർക്കുന്നു.

| SCDO ഓഫീസ് | ഭൗതിക ലക്ഷ്യം | | ഭൗതിക നേട്ടം | | ചെലവഴിച്ച തുക |
|---|---|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | ഗ്രാമ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | |
| തൈക്കാട്ടുശ്ശേരി | 14 | 0 | 14 | 0 | 5250000 |
| പട്ടണക്കാട് | 19 | 0 | 19 | 0 | 7125000 |
| കഞ്ഞിക്കുഴി | 12 | 6 | 12 | 6 | 6825000 |
| ആര്യാട് | 7 | 0 | 7 | 0 | 2625000 |
| അമ്പലപ്പുഴ | 8 | 6 | 8 | 6 | 5475000 |
| ചമ്പക്കുളം | 9 | 0 | 9 | 0 | 3375000 |
| വെളിയനാട് | 13 | 0 | 13 | 0 | 4875000 |
| ഹരിപ്പാട് | 17 | 0 | 17 | 0 | 6375000 |
| ചെങ്ങന്നൂർ | 8 | 7 | 8 | 7 | 6075000 |
| മാവേലിക്കര | 37 | 0 | 37 | 0 | 14466750 |
| ഭരണിക്കാവ് | 42 | 0 | 42 | 0 | 155660000 |
| മുതുകുളം | 21 | 11 | 21 | 11 | 12900000 |
| ആകെ | 207 | 30 | 207 | 30 | 91026750 |

ഇതു സംബന്ധിച്ച് ഒരു പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. മാവേലിക്കര, പട്ടണക്കാട്, ഭരണിക്കാവ് എന്നീ ബ്ളോക്കുകൾ മാത്രമേ എ.ജിയ്ക്ക് അയച്ച വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമക്കിയിട്ടുള്ളൂ. മറ്റു ബ്ളോക്കുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് കൂടി ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ജില്ലാ ഓഫീസറുടെ അധികാര പരിധിയിൽ 10% ൽ ഉൾപ്പെടുത്തി 24 പേർക്ക് ഭൂമി നൽകിയതായി കാണുന്നു. ആയതിലേയ്ക്കുള്ള ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ഗുണഭോക്താവിന് ഏത് മാനദണ്ഡ പ്രകാരമാണ് ഭൂമി അനുവദിച്ചത് എന്നതു കൂടി ഉത്തരവിൽ പരാമർശിക്കേണ്ടതാണ്.

4. **ശൗച്യാലയ നിർമ്മാണ പദ്ധതി**

ജില്ലയിൽ ടി പദ്ധതിയിലൂടെ 2012-13 മുതൽ 2015-16 വരെയുള്ള ചെലവും ഭൗതിക പുരോഗതിയും ചുവടെ ചേർക്കുന്നു.

| വർഷം | ഭൗതിക നേട്ടം | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2012-13 | 1619 | 1553 | 66 |
| 2013-14 | 1595 | 1552 | 43 |
| 2014-15 | 463 | 419 | 44 |
| 2015-16 | 737 | 665 | 72 |
| 2016-17 | - | - | - |
| 2017-18 | - | - | - |
| **ആകെ** | **4414** | **4189** | **225** |

കേരളത്തെ സമ്പൂർണ്ണ വെളിയിട വിസ്സർജ്ജ്യരഹിത സംസ്ഥാനമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ സ്പിൽ ഓവറായി അവശേഷിക്കുന്നവരെകൂടി സർക്കാർ തലത്തിൽ പ്രത്യേക അനുമതി നേടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ട താണ്. മറ്റ് പരാമർശങ്ങളില്ല.

5. **പഠനമുറി നിർമ്മാണം (2017-18).**

30.12.2017 തീയതിയിലെ സ.ഉ(പി) നം.13/2017 പജ.പവ.വി. നമ്പർ ഉത്തരവ് പ്രകാരം 2017-18 വർഷം മുതൽ ഹൈസ്കൂൾ തലങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥി കൾക്കായി നിലവിലുള്ള വീടിനോടു ചേർന്നോ, വീടിനു മുകളിലായോ 120 Sq. feet റൂം നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ നൽകുന്ന നൂതന പദ്ധതിയാണിത്.

പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ വിവിധ ബ്ളോക്ക് മുഖേന അനുവദിച്ച തുക യുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബ്ളോക്ക് പഞ്ചായത്ത് | ഭൗതിക ലക്ഷ്യം | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | നാലാം ഗഡു | ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| 1 | തൈക്കാട്ടുശ്ശേരി | 30 | 30 | 30 | 2 | 0 | 2860000 |
| 2 | പട്ടണക്കാട് | 53 | 53 | 53 | 4 | 0 | 5090000 |
| 3 | കഞ്ഞിക്കുഴി | 26 | 26 | 26 | 0 | 0 | 2340000 |
| 4 | ആര്യാട് | 21 | 21 | 18 | 4 | 0 | 2030000 |
| 5 | അമ്പലപ്പുഴ | 19 | 19 | 19 | 0 | 0 | 1710000 |
| 6 | ചമ്പക്കുളം | 28 | 28 | 28 | 1 | 0 | 2600000 |
| 7 | വെളിയനാട് | 21 | 21 | 21 | 0 | 0 | 1890000 |
| 8 | ഹരിപ്പാട് | 41 | 41 | 41 | 0 | 0 | 3510000 |
| 9 | ചെങ്ങന്നൂർ | 35 | 35 | 35 | 0 | 0 | 3150000 |
| 10 | മാവേലിക്കര | 44 | 44 | 44 | 0 | 0 | 3960000 |
| 11 | ഭരണിക്കാവ് | 70 | 70 | 70 | 3 | 0 | 6300000 |
| 12 | മുതുകുളം | 55 | 55 | 55 | 0 | 0 | 4950000 |
| | ആകെ | 443 | 443 | 440 | 14 | 0 | 40390000 |

പഠനമുറി നിർമ്മാണത്തിന് 443 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിലും നില വിൽ ഒന്നും തന്നെ പൂർത്തീകരിച്ചതായി കാണുന്നില്ല. സമയബന്ധിതമായി പണി പൂർത്തീ കരിക്കുന്നതിലേയ്ക്ക് അവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട SCDO മാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. നിലവിലെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിവിധ ബ്ളോക്കുകൾക്ക് അനുവദിച്ച തുക, നിർമ്മാണം പൂർത്തീകരിച്ചതു സംബ ന്ധിച്ച വിവരം എന്നിവ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. <u>വിവാഹ ധനസഹായ പദ്ധതി.</u>

2017-18 വർഷം ടി പദ്ധതി പ്രകാരമുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|
| 2017-18 | 516 | 33725000 |

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ ക്രമമായി രജിസ്റ്ററിൽ ഒട്ടിച്ച് സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

2018 മാർച്ചിൽ ട്രഷറിയിൽ ക്യൂവിലുള്ള 13 ഗുണഭോക്താക്കളുടെ ബിൽ പാസ്സായിട്ടുണ്ടോ എന്ന വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ചെങ്ങന്നൂർ ബ്ളോക്ക് ഒഴികെയുള്ളവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ലഭ്യമാക്കാത്തത് കൂടി ലഭ്യമാക്കി വിവിരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. <u>മിശ്രവിവാഹധനസഹായം.</u>

ആഡിറ്റ് കാലയളവിൽ ജില്ലയിൽ മിശ്രവിവാഹധനസഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണവും ചെലവ് വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|
| 2017-18 | 123 | 6710000 |

രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. കൂടാതെ മിശ്രവിവാഹ ധനസഹായം ലഭിച്ചവർ ഏത് സംരംഭമാണ് ആരംഭിക്കുന്നത് എന്ന വിവരം കൂടി രജിസ്റ്ററിൽ എഴുതേണ്ടതാണ്. ന്യൂനത പരിഹരിക്കേണ്ടതാണ്.

2017-18 വർഷം ആനുകൂല്യം അനുവദിക്കപ്പെട്ട സതീഷ്കുമാർ-തങ്കമണി, കുന്നത്ത് ലക്ഷം വീട്, തെക്കേക്കര കിഴക്ക്, ഹരിപ്പാട് (ക്രമ നം 14) എന്ന കുടംബത്തിന് മിശ്രവിവാഹ ധനസഹായമായി 10,000/ രൂപ മാത്രം നൽകിയതായി കാണുന്നു. കാരണം ബോധിപ്പിക്കേണ്ടതാണ്.

യു.സി എല്ലാ എസ്.സി.ഡി.ഒ മാരും സമയബന്ധിതമായി അയക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ആയത് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

2018 മാർച്ചിൽ ട്രഷറിയിൽ ക്യൂവിലുള്ള 48 ഗുണഭോക്താക്കളുടെ 2900000/ രൂപയുടെ ബിൽ പാസ്സായിട്ടുണ്ടോ എന്ന വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. **ചികിത്സാ ധനസഹായം**

2017-18 വർഷം ടി പദ്ധതി പ്രകാരമുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|
| 2017-18 | 222 | 33725000 |

ജില്ലയിലെ 144 പുരുഷൻമാരും, 78 സ്ത്രീകൾക്കും ഉൾപ്പടെ 222 പേർക്ക് ചികിത്സാധന സഹായം നൽകിയിട്ടുണ്ട്. രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2018 മാർച്ചിൽ ട്രഷറി യിൽ ക്യൂവിലുള്ള 102 ഗുണഭോക്താക്കളുടെ 2439500/ രൂപയുടെ ബിൽ പാസ്സായിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. **സ്വയം തൊഴിൽ ധനസഹായ പദ്ധതി.**

2017-18 വർഷം ടി പദ്ധതി പ്രകാരമുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|
| 2017-18 | 37 | 2698315 |

ജില്ലയിലെ 27 പുരുഷൻമാരും, 10 വനിതകളും ഉൾപ്പടെ 37 പേർക്ക് സ്വയംതൊഴിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. മുതുകുളം, ഹരിപ്പാട്, ചെങ്ങന്നൂർ, ആര്യാട് എന്നീ ബ്ളോക്കുകൾ ഒഴികെയുള്ളവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റ് പരാമർശങ്ങളില്ല.

10. **വിദേശ തൊഴിൽ ധനസഹായ പദ്ധതി.**

2017-18 വർഷം ടി പദ്ധതി പ്രകാരമുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|
| 2017-18 | 98 | 5550000 |

വിദേശതൊഴിൽ ധനസഹായം ബ്ളോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേനയാ ണ് അനുവദിച്ചു വരുന്നത്. ടി പദ്ധതി പ്രകാരം ജില്ലയിലെ 93 പുരുഷൻമാർക്കും, 5 വനിത കൾക്കും ഈ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

2013-14 മുതലുള്ള ഒരു രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ നൽകി സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. 2016-17 മുതൽ ഉത്തരവിലെ അനുബന്ധ ലിസ്റ്റ് രജിസ്റ്ററിൽ ഒട്ടിച്ചു വയ്ക്കുന്നുണ്ട്. ക്രമ നമ്പർ തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ള ത്. രജിസ്റ്റർ കൈകാര്യം ചെയ്യുന്നതിൽ കുറച്ചു കൂടി ശ്രദ്ധിക്കേണ്ടതാണ്. പട്ടണക്കാട്, ആര്യാട്, ചെങ്ങന്നൂർ, ഹരിപ്പാട് എന്നീ ബ്ളോക്കുകളിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല. ആയത് അയച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്. മറ്റ് പരാ മർശങ്ങളില്ല.

## 11. സ്വയം സഹായ സംഘങ്ങൾ

ഭരണിക്കാവ് അഞ്ചും, പട്ടണക്കാട് രണ്ടും, തൈക്കാട്ടുശ്ശേരി, ഹരിപ്പാട്, ചമ്പക്കുളം എന്നീ ബ്ളോക്കുകൾ ഓരോന്നും വീതം സംരംഭം ആരംഭിക്കുന്നതിന് 2017-18 വർഷം ധനസഹായം അനുവദിച്ചതായി കാണുന്നു. വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|
| 2017-18 | 107 | 999500 |

ഇതിലേയ്ക്ക് ഒരു രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. വിവിധ ഉത്തരവ് പ്രകാരം പ്രോജക്റ്റിന്റെ ആവശ്യത്തിലേയ്ക്ക് ചെലവഴിച്ച തുകയുടെ രസീതുകൾ, എ.ജിയ്ക്ക് അയച്ച വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 12. ലംപ്സംഗ്രാന്റ് വിതരണം

2017-18 വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നല്കുന്നതിനായി ചെലവഴിച്ച തുകകളുടെ ബ്ളോക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബ്ളോക്ക് പഞ്ചായത്ത് | തുക | സ്കൂളുകളുടെ എണ്ണം | കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ |
| 1 | തൈക്കാട്ടുശ്ശേരി | 911520 | 34 | 743 | 679 | 1422 |
| 2 | പട്ടണക്കാട് | 1961371 | 42 | 1152 | 1161 | 2313 |
| 3 | കഞ്ഞിക്കുഴി | 986957 | 39 | 605 | 567 | 1172 |
| 4 | ആര്യാട് | 665980 | 36 | 480 | 474 | 954 |
| 5 | അമ്പലപ്പുഴ | 969943 | 84 | 734 | 750 | 1484 |
| 6 | ചമ്പക്കുളം | 944440 | 57 | 650 | 574 | 1224 |
| 7 | വെളിയനാട് | 616405 | 51 | 411 | 407 | 818 |
| 8 | ഹരിപ്പാട് | 1186057 | 70 | 678 | 696 | 1374 |
| 9 | ചെങ്ങന്നൂർ | 2281273 | 93 | 1498 | 1430 | 2928 |
| 10 | മാവേലിക്കര | 2473248 | 97 | 1461 | 1540 | 3001 |
| 11 | ഭരണിക്കാവ് | 3132741 | 73 | 1542 | 1701 | 3243 |
| 12 | മുതുകുളം | 2143339 | 106 | 1295 | 1282 | 2577 |
| | ആകെ | 18273274 | 792 | 11249 | 11261 | 22510 |

2017-18 വർഷം ലംപ്സംഗ്രാന്റ് ഇനത്തിൽ 792 സ്കൂളുകൾക്കായി 18273274 രൂപ ചെലവഴിച്ചതായി കാണുന്നു. ബ്ളോക്കിനു അനുവദിക്കുന്ന തുക സംബന്ധിച്ച വിവരം ബോധ്യപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ഭരണിക്കാവ് ബ്ളോക്കിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കിയതായി കാണുന്നില്ല. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 13. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.

2017-18 വർഷം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക | സ്കൂളുകളുടെ എണ്ണം |
|---|---|---|---|
| 2017-18 | 7317<br>ആൺ-3571, പെൺ- 3746 | 14634000 | 547 |

പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് വിതരണം സംബന്ധിച്ച് നല്ല രീതിയിൽ രജിസ്റ്റർ/ ഫയൽ പരിപാലിച്ചു വരുന്നു. യു.സി എല്ലാ എസ്.സി.ഡി.ഒ മാരിൽ നിന്നും ലഭിച്ചതായി കാണുന്നു. മറ്റ് പരാമർശങ്ങൾ ഇല്ല.

### 14. സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്.

2017-18 വർഷം സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക | സ്കൂളുകളുടെ എണ്ണം |
|---|---|---|---|
| 2017-18 | 2714<br>ആൺ- 1292, പെൺ- 1422 | 18938000 | 230 |

സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ് വിതരണം സംബന്ധിച്ച് നല്ല രീതിയിൽ രജിസ്റ്റർ /ഫയൽ പരിപാലിച്ചു വരുന്നു. യു.സി എല്ലാ എസ്.സി.ഡി.ഒ മാരിൽ നിന്നും ലഭിച്ചതായി കാണുന്നു. മറ്റ് പരാമർശങ്ങൾ ഇല്ല.

### 15. പ്രത്യേക പ്രോത്സാഹന സമ്മാനം

2017-18 വർഷം ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ ബ്ളോക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബ്ളോക്ക് പഞ്ചായത്ത് | തുക | കുട്ടികളുടെ എണ്ണം | ക്ളാസ് തിരിച്ചുള്ള വിവരങ്ങൾ | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | SSLC | | +2 | | Degree | | PG | | ITI | | Poly Tech | | B Tech | |
| | | | | M | F | M | F | M | F | M | F | M | F | M | F | M | F |
| 1 | തൈക്കാട്ടുശ്ശേരി | 149000 | 66 | 17 | 24 | 5 | 20 | | | | | | | | | | |
| 2 | പട്ടണക്കാട് | 167000 | 84 | 27 | 36 | 5 | 16 | | | | | | | | | | |
| 3 | കഞ്ഞിക്കുഴി | 249500 | 115 | 20 | 48 | 18 | 23 | | 6 | | | | | | | | |
| 4 | ആര്യാട് | 111500 | 53 | 19 | 13 | 11 | 10 | | | | | | | | | | |
| 5 | അമ്പലപ്പുഴ | 222000 | 88 | 17 | 36 | 6 | 21 | 1 | 4 | | 1 | | | | | 1 | 1 |
| 6 | ചമ്പക്കുളം | 164500 | 79 | 24 | 39 | 10 | 6 | | | | | | | | | | |
| 7 | വെളിയനാട് | 133000 | 66 | 19 | 29 | 7 | 11 | | | | | | | | | | |
| 8 | ഹരിപ്പാട് | 196500 | 88 | 30 | 37 | 5 | 15 | 1 | | | | | | | | | |
| 9 | ചെങ്ങന്നൂർ | 377000 | 153 | 67 | 54 | 6 | 23 | 1 | 1 | | 1 | | | | | | 2 |
| 10 | മാവേലിക്കര | 471500 | 189 | 61 | 78 | 15 | 32 | | | | 3 | | | | | | |
| 11 | ഭരണിക്കാവ് | 357000 | 173 | 56 | 83 | 7 | 26 | | | | | | | | | | |
| 12 | മുതുകുളം | 295000 | 165 | 87 | 56 | 5 | 17 | | | | | | | | | | |
| | ആകെ | 2893500 | 1319 | 444 | 533 | 100 | 220 | 3 | 11 | 0 | 5 | 0 | 0 | 0 | 0 | 1 | 3 |

പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി സംബന്ധിച്ച് നല്ല രീതിയിൽ രജിസ്റ്റർ/ ഫയൽ പരിപാലിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ Dev C2 26523/17 നമ്പർ കത്ത് പ്രകാരം ശ്രീ അലിൻ ദിലീപ്കുമാർ, അരിമ്പുശ്ശേരി ഹൗസ്, തൈക്കാട്ടുശ്ശേരി എന്ന വിദ്യാർത്ഥിക്ക് ( SSLC) പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം ടി വിദ്യാർത്ഥിക്ക് ധനസഹായം നൽകിയതു സംബന്ധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

തൈക്കാട്ടുശ്ശേരി ബ്ളോക്കിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

16. **ശ്രീ.അയ്യൻകാളിടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കീം.**

2017-18 വർഷത്തിൽ ധനസഹായം നല്കിയവിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പഴയ കുട്ടികളുടെ എണ്ണം | പുതിയ കുട്ടികളുടെ എണ്ണം | ആകെ ആനുകൂല്യം ലഭിച്ച വർ | ചെലവഴിച്ച തുക | തിരിച്ചടച്ച തുക |
|---|---|---|---|---|---|
| 2017-18 | 219 | 110 | 329 | 15,57,500/- | 375500/- |

ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ ഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്. തൈക്കാട്ടുശ്ശേരി, ചെങ്ങന്നൂർ, ഹരിപ്പാട് എന്നീ ബ്ളോക്കുകളിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല. ആയത് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

രജിസ്റ്റർ പരിപാലിക്കുന്നതിൽ ചില എസ്.സി.ഡി.ഒ മാർ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മിക്ക ഓഫീസുകളിലും രജിസ്റ്റർതന്നെയാണ് അക്വിറ്റൻസായും ഉപയോഗിക്കുന്നത്. ഓരോവർഷവും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതും, വിതരണ വിവരം വിവിധ പദ്ധതികളുടെ വിതരണ രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണെന്ന കർശന നിർദ്ദേശം എസ്.സി.ഡി.ഒ മാർ ക്ക് നൽകാൻ നിർദ്ദേശിക്കുന്നു. ഈ സ്കീമിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് എസ്.സി.ഡി.ഒ മാർ പരിശോധിക്കുന്നുണ്ടെന്നും എസ്.സി പ്രമോട്ടർമാർ കുട്ടികളുടെ ഭവന സന്ദർശനം നടത്തി പഠനനിലവാരം പരിശോധിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. യു.സി സമയബന്ധിതമായി അയക്കുന്നുണ്ടെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

17. **ശ്രീ.അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് - ഏകദിന സെമിനാർ.**

2017-18 വർഷം തെരെഞ്ഞടുത്ത 110 വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പുന്നപ്രഗവ: മോഡൽ റസിഡൻഷ്യൽ സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് 21/10/2017 ന് ഒരു ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. ആയതിലേയ്ക്ക് 25000/ രൂപ മുൻകൂർ മാറിയത് 7/11/2017 ലെ എ12 8523/17 നമ്പർ ഉത്തരവ് പ്രകാരം ക്രമീകരിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

18. <u>വക്കീലൻമാർക്കുള്ള ധനസഹായം.</u>

ഈ പദ്ധതി പ്രകാരം 2017-18 വർഷം 4 പേർക്ക് 69250 രൂപയുടെ ധനസഹായം നൽകിയതായി കാണുന്നു. രജിസ്റ്ററുകളും ഫയലും കുറ്റമറ്റരീതിയിൽ പരിപാലിക്കുന്നുണ്ട്. യൂ.സി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റ് പരാമർശമില്ല.

19. <u>ബുക്ക് ബാങ്ക് പദ്ധതി</u>

2017-18 വർഷം ബുക്ക് ബാങ്ക് പദ്ധതി_പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ഗവ: പോളിടെക്നിക്ക്, ചേർത്തല | 26 | 35200 |
| 2 | വനിത പോളിടെക്നിക്ക്, കായംകുളം | 24 | 32800 |
| 3 | കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് പുന്നപ്ര | 9 | 34000 |
| 4 | TD മെഡിക്കൽ കോളേജ്, വണ്ടാനം | 12 | 49000 |
| 5 | കാർമ്മൽ പോളിടെക്നിക്ക്, പുന്നപ്ര | 14 | 20800 |
| | **ആകെ** | **85** | **171800** |

2017-18 വർഷം 85 വിദ്യാർത്ഥികൾക്ക് 171800/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഫയലുകളും രജിസ്റ്ററുകളും നന്നായി പരിപാലിക്കുന്നുണ്ട്.

ബ്ളോക്കിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കിയതായി കാണുന്നില്ല. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

20. <u>ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം</u>

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| **2017-18** | **20** | **124** | **5450000** | **3100000** | **2350000** |

രജിസ്റ്റർ നല്ല രീതിയിൽ പരിപാലിക്കുന്നുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കിയതായി കാണുന്നില്ല. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

21. <u>സെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം</u>

| വർഷം | സ്ഥാപങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 2017-18 | 2 | 16 | 92800 (16 x 5800 രൂപ) | 92800 |

രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ നൽകി സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

22. <u>ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്</u>

| വർഷം | സ്ഥാപങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2017-18 | 9 | 8 | 345904 |

രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ നൽകി സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. വർഷാന്ത്യം ആനുകൂല്യം നൽകിയതിന്റെ സംക്ഷിപ്ത വിവരം രേഖപ്പെടുത്തിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അയച്ചതായി ഫയലിൽ കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

23. <u>വിഷൻ 2017-18</u>

2017-18 വർഷം പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷയ്ക്ക് കോച്ചിംഗ് നൽകിയതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2017-18 | 4<br>1 SK Education Services Mavelikkara<br>2 SK Education Services Thiruvalla<br>3 Darsana Academy , Cherthala<br>4 Brilliant Study center, Pala | 115 | 1150000 |

രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ നൽകി സാക്ഷ്യപ്പെടുത്തൽ വരുത്തിയതായി കാണുന്നില്ല. ആനുകൂല്യം നൽകിയതിന്റെ സംക്ഷിപ്ത വിവരം ഓരോ സാമ്പത്തിക വർഷാവസനം എഴുതുന്നില്ല. ന്യൂനതകൾ പരിഹരിക്കണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി യ്ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. .

**24. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം.**

മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നല്കുന്ന പദ്ധതി പ്രകാരം 15-16 വർഷം 132 വിദ്യാർത്ഥികൾക്കും 2016-17 വർഷം 111 വിദ്യാർത്ഥികൾക്കും പരിശീലനത്തിന് ധനസഹായം അനുവദിച്ചതായി കാണുന്നു. 2015-16 വർഷം 6,90,000/- രൂപയും 2016-17 വർഷം 6,05,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ എത്ര പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട് എന്ന വിവരം ലഭ്യമല്ല. വിവിധ വർഷങ്ങളിൽ ഇപ്രകാരം പരിശീലനം ലഭിച്ച എത്ര വിദ്യാർത്ഥികൾ മെഡിക്കൽ /എഞ്ചിനീയറിംഗ് പ്രവേശനത്തിന് അർഹത നേടിയിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**25. അതിക്രമം തടയൽ നിയമം-ധനസഹായ പദ്ധതി**

2015-16 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ അതിക്രമം തടയൽ നിയമ പ്രകാരം ധനസഹായം അനുവദിച്ചതിന്റെ ഒരു സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിക്കപ്പെട്ടവരുടെ എണ്ണം | ചെലവ് |
|---|---|---|
| 2015-16 | 9 | 577500 |
| 2016-17 | 10 | 590000 |
| 2017-18 | 15 | 1485000 |

രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ടെങ്കിലും പേജ്നമ്പർ നൽകി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആഡിറ്റ് കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് എ.ജിയ്ക്ക് അയച്ചതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2015-16 മുതൽ അതിക്രമത്തിനിരയായവരുടെ നിരക്ക് വർദ്ധിച്ചു വരുന്നതായി കാണുന്നു. ആയത് കുറക്കുന്നതിലേയ്ക്കായി ബ്ളോക്ക് തലങ്ങളിൽ ബോധവത്കരണ സെമിനറുകൾ സംഘടിപ്പിക്കാവുന്നതാണ്. മറ്റു പരാമർശമില്ല.

**26. വിജ്ഞാൻവാടി.**

ജില്ലയിൽ 18 വിജ്ഞാൻവാടികളിൽ 12 എണ്ണം മാത്രമാണ് പ്രവർത്തിച്ചു വരുന്നത്. ആര്യാട്, ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ എന്നീ ബ്ളോക്കുകളിലെ 6 എണ്ണം വിവിധ കാരണങ്ങളാൽ പ്രവർത്തിക്കുന്നില്ല. ആയത് പ്രവർത്തിപ്പിന്നുന്നതിലേയ്ക്ക് ബന്ധപ്പെട്ടവർക്ക് കത്ത് നൽകിയിതായി കാണുന്നു.

പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ച മഹത്തായ ആശയമാണ് **വിജ്ഞാൻവാടി.** ഈ പദ്ധതി വേണ്ടവണ്ണം പ്രയോജനപ്പെടുത്താൻ പട്ടികജാതി വിഭാഗങ്ങൾക്കോ, നല്ലവണ്ണം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താൻ വകുപ്പിനോ സാധിക്കുന്നില്ലെന്ന ഗൗരവതരമായ അവസ്ഥ നിലനിൽക്കുന്നു എന്നത് വസ്തുതയാണ്. വിജ്ഞാൻവാടികളുടെ പ്രവർത്തന മേൽനോട്ടത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന കോളനികൾക്കകത്തെ കമ്മിറ്റികളിൽ രാഷ്ട്രീയമായും പട്ടികജാതിവിഭാഗങ്ങൾക്കിടയിൽ ജാതീയമായ വേർതിരിവും ഉണ്ടാകാറുണ്ട്. കമ്പ്യൂട്ടർ പരിജ്ഞാനമുള്ളതും ഈ വിഷയത്തിൽ താല്പര്യമുള്ളതുമായ ഒരുവ്യക്തി (ലൈബ്രേറിയൻ) മിക്ക കമ്മിറ്റികളിലും ഉണ്ടാകാറില്ലെന്നതും ഇവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. വിജ്ഞാൻവാടിയുടെ ലക്ഷ്യം കൈവരിക്കണമെങ്കിൽ പാർട്ട്ടൈം ലൈബ്രേറിയനെ ഓരോ

വിജ്ഞാൻവാടിയിലും വേതനം നല്കി നിയമിക്കുന്നതാണ് ഉചിതം. കമ്പ്യൂട്ടറിലും വിവരസാങ്കേതിക വിദ്യയിലും പ്രാവീണ്യമുള്ള പട്ടികജാതി വിഭാഗത്തിൽനിന്നുള്ള യുവതിയുവാക്കളെ ഇതിനായി പരിഗണിക്കാവുന്നതാണ്. എസ്സ്.സി. പ്രമോട്ടറുടെ സേവന വേതന വ്യവസ്തകൾക്ക് വിധേയമായി പാർട്ട്ടൈം ലൈബ്രേറിയനെ നിയമിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. സർക്കാർ ചെലവഴിച്ച കോടിക്കണക്കിന് രൂപ പ്രയോജനരഹിതമാകാതിരിക്കുന്നതിനും ദീർഘദർശനത്തോടെ ആവിഷ്കരിച്ച പദ്ധതി പരാജയപ്പെടാതിരിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിടാനുള്ള ചർച്ചകൾക്കായി ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

## പാർട്ട് – IV

### വിവിധ രജിസ്റ്ററുകൾ

### ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ (KFC Vol I, Art.63)

പരിപാലിച്ചു വരുന്നു. ഫയലുകൾ വ്യക്തമായി പരിശോധിച്ച് pending paras and dropped paras സംബന്ധിച്ച വിവരങ്ങൾ up to date ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഓഫീസർ സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

### ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

പരിപാലിച്ചു വരുന്നുണ്ട്. 2017-18 Vol III ൽ (01/02/18 മുതൽ 31/03/18 വരെ) ആകെ 192 പേജുകളുണ്ടെങ്കിലും 86 പേജുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. തുടർന്നുള്ള പേജുകൾ ഉപയോഗിക്കാതെ പുതിയ രജിസ്റ്റർ ഉപയോഗിച്ച നടപടി ശരിയല്ല. വിശദീകരണം നൽകേണ്ടതും ഉപയോഗിക്കാത്ത പേജുകൾ റദ്ദു ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. 31/03/18ന് Stamp worth Rs. 3826/- 2018-19 Vol. I (01/04/18 to) പേജ് 41ൽ ഡി.ഡി.ഒ. സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. 16/05/18ന് രജിസ്റ്റർ പ്രകാരം 9431/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ട്. എന്നാൽ സ്റ്റാമ്പിന്റെ സ്റ്റോക്ക് പരിശോധനയിൽ 9435/- രൂപയുടെ സ്റ്റാമ്പ് ഉള്ളതായി കണ്ടു. വിശദീകരണം നൽകേണ്ടതും ആയത് ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### കണ്ടിജന്റ് ബിൽ രജിസ്റ്റർ

ചുവടെ ചേർക്കുന്ന ഇനങ്ങളിൽ രജിസ്റ്റർ പ്രകാരം ബാലൻസ് കാണിച്ചിട്ടുള്ള തുകകൾ എന്തു ചെയ്തുവെന്ന വിവരം എഴുതിയിട്ടില്ല.

| | | | |
|---|---|---|---|
| ഹൗസിംഗ് ഗ്രാന്റ് | - | 31,10,000/- | Balance |
| ബുക്ക് ബാങ്ക് | - | 29348/- | Balance |
| ട്രാൻസ്ഫർ ടി.എ. | - | 4881/- | Balance |

വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ബാലൻസ് കാണിച്ചിട്ടുള്ള തുകകൾ surrender/resume ചെയ്തതായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. (KFC Form 10)

**പേ-ബിൽ രജിസ്റ്റർ**

പരിശോധനാ കാലയളവിൽ ടി രജിസ്റ്റർ നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷം മുതൽ Annexure III Form 51C പ്രകാരമുള്ള അബ്സ്ട്രാക്ട് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല രജിസ്റ്റർ up to date അല്ലെന്നും കാണുന്നു. രജിസ്റ്റർ നല്ല രീതിയിൽ പരിപാലിയ്ക്കുന്നതിന് കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

**ഇൻകംപന്റ് രജിസ്റ്റർ.**

ജീവനക്കാരുടെ വിവരം സംബന്ധിച്ച ഇൻകംപന്റ് രജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ടില്ല. രജിസ്റ്ററിൽ ജീവനക്കാരെ സംബന്ധിച്ച് എല്ലാ രേഖപ്പെടുത്തലുകളും വരുത്തി uptodate ചെയ്ത് പേജ് നമ്പർ എഴുതി DDO സാക്ഷ്യപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഇൻക്രിമെന്റ് രജിസ്റ്റർ.**

രജിസ്റ്റർ പേജ് നമ്പർ എഴുതി DDO സാക്ഷ്യപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിന്റെ തുടക്കത്തിൽ ജീവനക്കാരുടെ ഇൻടക്സ് എഴുതുന്നത് ജീവനക്കാരുടെ ഇൻക്രിമെന്റ് മാസം കൃത്യമായി മനസ്സിലാക്കുവാൻ കഴിയുന്നുതാണ്. മറ്റു പരാമർശമില്ല.

**ജി.പി.എഫ് ബിൽ രജിസ്റ്റർ**

പേജ് നമ്പർ നൽകി പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കണം. മറ്റ് പരാമർശമില്ല.

**അലോട്ട്മെന്റ് രജിസ്റ്റർ**

അലോട്ട്മെന്റ് രജിസ്റ്റർ പരിപാലിച്ചു വരുന്നു. രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

**ഫർണിച്ചർ രജിസ്റ്റർ**

1. 2017-18 വർഷം ഫർണിച്ചർ രജിസ്റ്റർ വാർഷിക പരിശോധനക്ക് വിധേയമാക്കുകയോ ഡി. ഡി.ഒ സാക്ഷ്യപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല.
2. ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

**ആസ്തി രജിസ്റ്റർ**

പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള വസ്തുവകകൾ പൊതുആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ, മറ്റ സ്ഥാവരജംഗമവസ്തുക്കളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച് ഒരു രജിസ്റ്റർ പരിപാലിച്ചു കാണുന്നില്ല. വകുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ ആസ്തി വിവരങ്ങൾ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ പരിപാലിക്കേണ്ടതും വസ്തു വകകളുടെ മൂല്യം വാർഷികമായി കണക്കാക്കി സാക്ഷ്യപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതുമാണ്.

**ലോഗ് ബുക്ക്**

KL.OI.BR.8411.Mahindra BOLERO (Diesel) യാണ് നിലവിൽ ഉപയോഗിക്കുന്ന വാഹനം. 11.09.2015 ലെ ഫ്യുവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റ് പ്രകാരം 11.50km/Ltr Diesel ആണ് അനുവദിക്കപ്പെട്ട മൈലേജ്. ഇന്ധന പരിധി പ്രതിമാസം 110 Ltr Diesel ആണ്. 01/2017 മുതൽ 31-03-2018 വരെയുള്ള ഇന്ധന ഉപഭോഗം സംബന്ധിച്ച വിവരം ചുവടേ ചേർക്കുന്നു.

| Month | Stock Of Fuel (in Ltr) | Fuel Purchased for the month | Total (in Ltr) | Journey in KM | Fuel used for the month | Balance | Excess if any |
|---|---|---|---|---|---|---|---|
| Jan-17 | 5.58 | 103.09 | 108.67 | 1217 | 105.83 | 2.84 | Nil |
| Feb-17 | 2.85 | 70.8 | 73.65 | 794 | 69.04 | 4.61 | Nil |
| Mar-17 | 4.61 | 78.58 | 83.19 | 887 | 77.13 | 6.06 | Nil |
| Apr-17 | 6.06 | 78.72 | 84.78 | 842 | 73.22 | 11.56 | Nil |
| May-17 | 11.57 | 74.21 | 85.78 | 744 | 64.70 | 21.08 | Nil |
| Jun-17 | 21.09 | 48 | 69.09 | 761 | 66.17 | 2.92 | Nil |
| Jul-17 | 2.49 | 146.37 | 148.86 | 1668 | 145.04 | 3.82 | 35.04 |
| Aug-17 | 4.25 | 82.21 | 86.46 | 936 | 81.39 | 5.07 | Nil |
| Sep-17 | 5.07 | 119.74 | 124.81 | 1415 | 123.04 | 1.77 | 13.04 |
| Oct-17 | 1.77 | 106.43 | 108.2 | 1205 | 104.78 | 3.42 | Nil |
| Nov-17 | 3.42 | 139.99 | 143.41 | 1610 | 140.00 | 3.41 | 30.00 |
| Dec-17 | 3.41 | 87.25 | 90.66 | 1017 | 88.43 | 2.23 | Nil |
| Jan-18 | 2.23 | 29.96 | 32.19 | 227 | 19.74 | 12.45 | Nil |
| Feb-18 | 12.46 | 44.19 | 56.65 | 515 | 44.78 | 11.87 | Nil |
| Mar-18 | 11.87 | 164.71 | 176.58 | 1821 | 158.35 | 18.23 | 48.35 |

2017-18 സാമ്പത്തിക വർഷം 126.43 ലിറ്റർ ഡീസൽ അനുവദനീയമായ പരിധിക്കുപരി ഉപയോഗിച്ചതായി കാണുന്നു. അധികരിച്ച ഇന്ധന ഉപയോഗം ക്രമീകരിച്ചു കാണുന്നില്ല. ആഡിറ്റ് കാലയളവിൽ അധികരിച്ച ഇന്ധന ഉപയോഗം അംഗീകാരം വാങ്ങി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. വാഹനത്തിന്റെ പുതുക്കിയ മൈലേജ് ടെസ്റ്റും, ഇൻഷുറൻസ് സർട്ടിഫിക്കറ്റിന്റെ പകർപ്പും കുടി ലോഗ്ബുക്കിൽ പതിച്ചു വയ്ക്കേണ്ടതും ബുക്കിലെ കോളം നമ്പർ 11, 12 എന്നിവ വ്യക്തമായി എഴുതുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. മറ്റ് നടപടികളെല്ലാം ക്രമമാണെന്നു കാണുന്നു.

**സർവ്വീസ് ബുക്ക്.**

ജീവനക്കാരുടെ സർവ്വീസ് വെരിഫിക്കേഷൻ പേജ് നമ്പർ 107 ൽ എഴുതി സാക്ഷ്യപ്പെടുത്തണം. ജോലിയിൽ പ്രവേശിച്ച പുതിയ ജീവനക്കാരുടെ Personal Details, GPF, SLI, GIS തുടങ്ങിയ വിവരങ്ങൾ കൂടാതെ ജീവനക്കാർ മറ്റ് ഓഫീസിലേയ്ക്ക് സ്ഥലം മാറി പോകുമ്പോൾ ടി വിവരം കൂടി സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തി DDO സാക്ഷ്യപ്പെടുത്തണം. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1. **സാനി ടി.എസ്. (ഓഫീസ് അറ്റൻന്റ്):-**
   (a) ഹാഫ് പേ ലീവ് അക്കൗണ്ട് നാളിതു വരെയും കണക്കാക്കിയിട്ടില്ലെന്നു കാണുന്നു. (08/05/09 മുതൽ 31/03/18 വരെയുള്ള കാലയളവ്)
   (b) ആദ്യ വർഷത്തെ ഏണ്ഡ് ലീവ് 1/22 എന്നത് 1/11 ആയി റീകാസ്റ്റ് ചെയ്തിട്ടില്ല.
   (c) 16/01/14 വരെ മാത്രമേ സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടുള്ളൂ.

**പൊതു അഭിപ്രായം**

ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. പരിശോധനാ തീയതികളിൽ ഓഡിറ്റ് ടീമിനോട് എല്ലാവിധ സഹകരണവും ജീവനക്കാർ പുലർത്തിയിട്ടുണ്ട്. നല്ലരീതിയിൽ ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം ഇവിടെയുണ്ട്. വിവിധ പദ്ധതികൾക്കായി ബ്ളോക്ക് തലങ്ങളിൽ ചെലവഴിക്കുന്ന തുക സംബന്ധിച്ചുള്ള വിവരം രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ബ്ളോക്ക് മുഖാന്തരം വിതരണം ചെയ്യുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം എ.ജി യ്ക്ക് അയക്കുന്നുണ്ടെന്ന് ജില്ലാ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. ബിംസ്, ബാംസ്, സ്പാർക്ക് മുഖാന്തരം പാസാക്കുന്ന ബില്ലുകളുടെ അക്വിറ്റൻസ് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി പരിപാലിക്കുന്നതിൽ വീഴ്ച്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കുക. മറ്റ് ആഫീസ് നടപടികളെല്ലാം ക്രമപ്രകാരമാണെന്ന് കാണുന്നു.

ഓഡിറ്റ് റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നു.

ഹരികൃഷ്ണൻ സി.ജി
ജൂനിയർ സുപ്രം. ഫിൻ സി സെക്ഷൻ
പട്ടികജാതി വികസന വകുപ്പ്
നന്ദാവനം, തിരുവനന്തപുരം

അംഗീകരിച്ചു
2/11/18

M. MUHAMMED HARIS
Joint Secretary to Govt.
Finance Department
O/D. Senior Finance Officer
Directorate of Scheduled Caste Development
Thiruvananthapuram